# Athmaraksha.org

പാപ്പയിൽ നിറഞ്ഞുനിൽക്കുന്ന സ്വഭാവഗുണങ്ങൾ

## പാപ്പായുടെ ഉച്ചഭക്ഷണം ടൂറിനിലെ തടവുകാർക്കൊപ്പം



ഇറ്റലിയിലെ ടൂറിൻ സന്ദർശിച്ച ഫ്രാൻസിസ് പാപ്പ അവിടെയുള്ള തടവുകാരെയും കണ്ടു. ടൂറിനിലെ ഫെറന്റെ അപ്പോർറ്റി ജുവനൈൽ ജയിലാണ് മാർപാപ്പ സന്ദർശിച്ചത്. 17 നും 21 നും ഇടയിൽ പ്രായമുള്ള പതിനൊന്നോളം തടവുകാരും മറ്റ ജയിൽ ജീവനക്കാരുമടക്കം മുപ്പത്തിയഞ്ചോളം ആളുകൾ മാർപാപ്പയോടൊപ്പമിരുന്നാണ് ഉച്ചഭക്ഷണം കഴിച്ചത്. ഒരു മണിക്കൂറോളം തടവുകാരോടൊപ്പം ചെലവഴിച്ച മാർപാപ്പയ്ക്ക് സമ്മാനങ്ങൾ നൽകാനും അവർ മറന്നില്ല. ജയിലിൽ വെച്ചുണ്ടാക്കിയ കരകൗശലവസ്തുക്കളാണ് തടവുകാർ പോപ്പിന് കൈമാറിയത്. ആദ്യമൽപം അങ്കലാപ്പ് ഉണ്ടായിരുന്നെങ്കിലും പിന്നീട് അതെല്ലാം മാറി. പോപ്പിനോട് ചോദ്യങ്ങൾ ചോദിക്കാനും തടവുകാർ മറന്നില്ല.

രണ്ടുവർഷം മുൻപു മാർപാപ്പയെ കണ്ടപ്പോൾ ഇവിടുത്തെ തടവുകാരെ സന്ദർശിക്കുന്നതിനെക്കുറിച്ച് അദ്ദേഹവുമായി സംസാരിച്ചിരുന്നു. ഇത് തീർച്ചയായും സ്വപ്നതുല്യമായ ഒരു സന്ദർശനമാണ്. പോപ്പിന്റെ ടൂറിൻ സന്ദർശന ദിവസങ്ങൾ വളരെ തിരക്കേറിയതായിരുന്നു. ഇവിടെ വരാൻ സാധിക്കുമെന്ന് കരുതിയതല്ല. സ്കൂളിൽ പരീക്ഷയെഴുതാനും മറ്റ് ചടങ്ങുകൾക്കുമൊക്കെയായി ഇവിടുത്തെ കുട്ടികളെ പുറത്തുവിടാറുണ്ട്. എന്നാൽ അവരെ സംബന്ധിച്ചിടത്തോളം അതിനുമപ്പുറം സന്തോഷം പകരുന്നതായിരുന്നു പോപ്പിനൊപ്പം ചെലവഴിച്ച നിമിഷങ്ങൾ. ജയിൽ ചാപ്പലിന്റെ ചുമതലയുള്ള ഫാദർ ഡൊമിനിക്കോ റിക്ക പറയുന്നു.